**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3965** **03-03-2023 - ൽ മറുപടിയ്ക്ക്**

**മുല്ലശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഐസൊലേഷൻ വാർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ നിയോജക മണ്ഡലത്തിലെ മുല്ലശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഐസൊലേഷൻ വാർഡ് സ്ഥാപിക്കുന്നതിന് ഏതെല്ലാം പദ്ധതി പ്രകാരം എത്ര രൂപ വീതം അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | 26/07/2021 ലെ സ.ഉ (സാധാ)1555/ 2021/ ആ.കു.വ നമ്പർ ഉത്തരവ് പ്രകാരം ഓരോ നിയോജക മണ്ഡലത്തിലും 10 കിടക്കകളുള്ള ഒരു ഐസോലെഷൻ വാർഡ് നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി മണലൂർ നിയോജക മണ്ഡലത്തിലെ മുല്ലശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഐസൊലേഷൻ വാർഡ് നിർമ്മാണത്തിനായി 1,75,96,748/- രൂപ (ഒരു കോടി എഴുപത്തിയഞ്ച് ലക്ഷത്തി തൊണ്ണൂറ്റിയാറായിരത്തി എഴുന്നൂറ്റി നാൽപത്തിയെട്ട് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട് . |
| (ബി) | ഐസോലേഷൻ വാർഡിന്റെ നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്നും പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കുമെന്നും വ്യക്തമാക്കാമോ; | (ബി) | ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കാൻ രണ്ടാം ഘട്ടം പ്രവർത്തി ഉത്തരവ് നൽകിയതിൽ ഉൾപ്പെടുന്നതാണ് മുല്ലശ്ശേരി സാമൂഹ്യ ആരോഗ്യ കേന്ദ്രം. നിലവിൽ EPS Panel ( Erection) പ്രവർത്തികൾ ദ്രുതഗതിയിൽ പുരോഗമിച്ചു വരുന്നു. 2023 ഏപ്രിൽ മാസത്തോടുകൂടി നിർമ്മാണം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു . |
| (സി) | പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസി ഏതാണെന്ന് അറിയിക്കാമോ? | (സി) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനാണ് ഈ പദ്ധതിയുടെ നിർവ്വഹണ ഏജൻസി. |

സെക്ഷൻ ഓഫീസർ